ഓണററി ഡാക്ടറന്മാർ.

68. [26] ശ്രീമതി ഒ. ആർ. ഭൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 അവസാനം ഒട്ടുക്കുടി ഗവണ്മെൻറ് ആശുപത്രിയിൽ ജോലിചെയ്യുന്ന ആണററി ഡാക്ടർമാരെയെല്ലാം പിരിച്ചുവിടുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ നയം ഗവണ്മെൻറ് പുനഃപരിശോധന ചെയ്യുവാൻ വിചാരിക്കുന്നോ;

(സി) ഈ പിരിച്ചുവിടൽകൊണ്ട് വളരെ നല്ല ഡാക്ടർമാരുടെ സേവനം നഷ്ടപ്പെടുകയില്ലേ?

ഉത്തരം.

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വൈദ്യസഹായം ക്രമീകരിക്കുന്നതിനായി നിയമിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കി ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നതാണ്.

(സി) ഇല്ല.

കാൻസ്റ്റബിളിന്റെ പേരിലുള്ള കൈക്കൂലിപരാതി.

69. [28] ശ്രീ. കെ. ടി. തോമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പുന്നാർ ചെറിങ്ങളം പോലീസ് ഔട്ട്പോസ്റ്റിൽ ജോലിയുള്ള നാരായണൻ എന്നൊരു കാൻസ്റ്റബിളിന്റെ പേരിൽ കൈക്കൂലി ആരോപിച്ച് ഒരു പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് കിട്ടിയതു; അതിന്മേൽ എന്തു നടപടി നടന്നു?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1955 മാർച്ചു് ഒടുവിൽ. അതിന്മേൽ അന്വേഷണം നടന്നുവരുന്നു.

ഓണററി വിഷവൈദ്യയുടെ അലവൻസ്.

70. [29] ശ്രീ. എം. എം. മായൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ സർക്കാർ ആയുർവേദ ആശുപത്രിയിൽ ഒരു ഓണററി വിഷവൈദ്യയെ നിയമിച്ചിട്ടുണ്ടോ;

(ബി) അവരെ നിയമിച്ചിട്ടു് എത്രകാലമായു;

(സി) ഇതുവരെയായി അവരുടെ അലവൻസ് കൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly